# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4876 — 24.07.2015 -ൽ മറുപടിക്ക്

## യോഗ പരിശീലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനു പൊതുജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (എ) ജീവിത ശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അമൃതം ആരോഗ്യം. ഈ പദ്ധതിയിൽ ആരോഗ്യ ബോധവൽക്കരണവും രോഗ നിർണ്ണയവും സൗജന്യ മരുന്ന് വിതരണവും ഉറപ്പാക്കുന്നതിനോടൊപ്പം യോഗ പരിശീലനവും നൽകി വരുന്നു. തൊഴിൽശാലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കായി യോഗ ഇൻ വർക്ക് പ്ലെയിസസ്സ്, വിദ്യാലയങ്ങളിൽ ലീപ്പ് (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനസ് പ്രോഗ്രാം) എന്നിവ നടപ്പിലാക്കി വരുന്നു. സ്കൂളുകളിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി നടപ്പിലാക്കി വരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹെൽത്ത് നേഴ്സുമാർ മുഖേനയാണ് യോഗ പരിശീലനം നടപ്പിലാക്കി വരുന്നത്. പൊതുജനങ്ങൾക്കായി യോഗ പരിശീലനം നടത്തുന്നതിനുള്ള നടപടികൾ ആയുഷ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) യോഗപരിശീലനത്തിനായി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) യോഗ പരിശീലനത്തിനായി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ